# സ്ത്രീകളുടെ മേലുള്ള ലൈംഗിക പീഡനം വ്യാപ്തി വർദ്ധിക്കുന്നു

കാഞ്ചന

ലോകത്തിലെ ഏറ്റവും അപരിഷ്കൃതമായ രാജ്യങ്ങളിലെ സ്ത്രീകൾ അനുഭവിക്കുന്നതിനേക്കാൾ കൂടുതൽ ലൈംഗികമായ പീഡനങ്ങൾ കേരളത്തിലെ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്നുണ്ട് എന്ന് ഈ വിഷയത്തിൽ അടുത്തകാലത്തായി നടന്നുവരുന്ന എല്ലാ പഠനങ്ങളും ചൂണ്ടിക്കാണിക്കുന്നു.

ഉയർന്ന സാക്ഷരതയും വിദ്യാഭ്യാസയോഗ്യതകളും നേടിയ കേരളസമൂഹത്തിന്റെ, പ്രത്യേകിച്ച് പുരുഷന്റെ, രോഗാതുരവും ജീർണ്ണവുമായ ഉൾഭാഗത്തെയാണ് ഇതു തുറന്നുകാട്ടുന്നത്. ലൈംഗികതയെക്കുറിച്ചും അതിന്റെ സിദ്ധാന്തപരവും പ്രായോഗികവുമായ വശങ്ങളെക്കുറിച്ചും കേരളീയർക്കുള്ള ധാരണകൾ ഒന്നുകിൽ ശുദ്ധശൂന്യമോ അല്ലെങ്കിൽ ശുദ്ധ അബദ്ധമോ ആണെന്ന് നിരീക്ഷണ പഠനങ്ങൾ ആവർത്തിച്ചു വ്യക്തമാക്കുന്നു.

കഴിഞ്ഞ ഒരു മുപ്പതുവർഷത്തെ ചരിത്രം പരിശോധിച്ചാൽ സ്ത്രീയുടെ മേലുള്ള ലൈംഗികാതിക്രമങ്ങളുടെ 'ആഴം കുറയുകയും പരപ്പു കൂടുക'യും ചെയ്യുന്ന ഒരു പ്രവണതയാണ് അത് കാണിക്കുന്നത്.

ഉദാഹരണത്തിന്, മുപ്പതുവർഷം മുമ്പ് സിനിമ, നാടകം പോലുള്ള മേഖലകളിൽ പ്രവർത്തിക്കാനാഗ്രഹിക്കുന്ന ഒരു സ്ത്രീക്ക് ലൈംഗികമായി വഴങ്ങിക്കൊടുക്കാതെ ഒരു നിലനിൽപ് അസാധ്യമായിരുന്നു. ഇന്നു പക്ഷേ, പ്രതിഭയുള്ള ഒരു സ്ത്രീക്ക് ഈ രംഗങ്ങളിൽ മാന്യമായി പിടിച്ചുനിൽക്കാനാകും. നേഴ്സിങ്ങ് തുടങ്ങിയ മേഖലകളിലും ഈ വ്യത്യാസം പ്രകടമാണ്. അതായത്, ഏതെങ്കിലും ഒരു മേഖലയിൽ സ്ത്രീയെ പൂർണമായും ലൈംഗികചൂഷണത്തിനു വിധേയയാക്കാൻ ഇന്ന് സാധ്യമല്ല. അതൊരു പുരോഗതിയാണെന്നു പറയാം.

പക്ഷേ, വിദ്യാഭ്യാസത്തിന്റെയും സാമ്പത്തിക സാഹചര്യങ്ങളുടെ പ്രേരണയാൽ, അന്ന് സ്ത്രീകൾ പ്രവേശിക്കാതിരുന്ന എത്രയോ മേഖലകളിൽ, ഇന്ന് സ്ത്രീകൾ പുരുഷനൊപ്പം ഇടം നേടിക്കഴിഞ്ഞു. ഇവിടെയെല്ലാം സ്ത്രീകൾ ലൈംഗികമായ ചൂഷണത്തിന്റെ നിഴലിൽ കഴിഞ്ഞുകൂടേണ്ടിയും വരുന്നു.

"എതിർത്ത് ആളെ അറിയിച്ചാൽ അവനവനെ തന്നെയാണതിന്റെ ഏനക്കേട്" എന്ന കേരളസ്ത്രീയുടെ മനോഭാവം ഞരമ്പുരോഗിയെങ്കിലും പൊതുവെ ഭീരുവായ കേരളപുരുഷന്റെ തോന്നിവാസങ്ങൾക്ക് വളമാകുകയാണ്. അങ്ങിനെ കേരളം ലൈംഗികമായി അനാരോഗ്യകരമായ ഒരു സമൂഹമായി മാറിക്കഴിഞ്ഞു.

പൊതുസ്ഥലങ്ങളിലോ ബസ്സുകളിലോ തിയ്യറ്ററുകളിലോ തൊഴിൽ സ്ഥലങ്ങളിലോ നടക്കുന്ന ലൈംഗിക പീഡനങ്ങളെക്കാൾ ഗുരുതരമായ തരത്തിൽ സ്വന്തം വീടുകളിൽ വെച്ച്, സ്വന്തം ബന്ധുക്കളാൽ പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നു എന്ന വസ്തുത, പക്ഷേ, അങ്ങേയറ്റം ഭീകരമായ ഒരു സത്യമാണ്.



കേരളത്തിലെ പെൺകുട്ടികൾ എസ്.എസ്.എൽ.സി. കഴിയുന്നതുവരെ ലൈംഗികകാര്യങ്ങളെക്കുറിച്ച് മിക്കവാറും പൂർണമായും അജ്ഞരാണ്. തുടർന്ന് കോളേജുകളിലോ തൊഴിലിടങ്ങളിലോ എത്തിപ്പെടുന്നവരിൽ തന്നെ പകുതിപ്പേരും തുടർന്നും ഇതേ അജ്ഞതയിൽ വിവാഹംവരെ എത്തുന്നു. ലൈംഗികമായ ഒരു പ്രവൃത്തിയെ ലൈംഗികമായി തിരിച്ചറിയാനാവാത്തതുമൂലമാണ് ചെറുപ്രായത്തിൽ നമ്മുടെ പെൺകുട്ടികൾ ലൈംഗികമായി ഉപയോഗിക്കപ്പെടാനിടയാവുന്നത്. വീട്ടിലെല്ലാവരും അംഗീകരിക്കുന്ന ഒരാൾ തന്റെ അടുത്തുകാണിക്കുന്ന 'തമാശകൾ' തിരിച്ചറിയാൽ മാത്രം, ലൈംഗികമായ തിരിച്ചറിവ് ഇല്ലാതെ വളർത്തപ്പെടുന്നത്, പെൺകുട്ടികളുടെ മേൽ അതിക്രമങ്ങൾ കാട്ടിനോക്കാൻ ബന്ധുക്കളായ പുരുഷൻമാർക്ക് സൗകര്യം നൽകുന്നുണ്ട്.

ഇന്ന് കേരളത്തിൽ പത്താം ക്ലാസ് കഴിഞ്ഞിറങ്ങുന്ന ഒരോ നാലു പെൺകുട്ടികളിലും ഒരാൾവീതം ലൈംഗികമായ ഉപയോഗപ്പെടുത്തലുകൾക്ക് വിധേയമായിട്ടുണ്ടായിരിക്കും എന്നും അതിൽ മഹാഭൂരിപക്ഷവും സ്വന്തം ബന്ധുക്കളിൽ നിന്നോ അയൽക്കാരിൽ നിന്നോ ആണ് അത് നേരിട്ടിരിക്കുക എന്നും മനസ്സിലാക്കുമ്പോൾ, നാം ഏതു കുഴിയുടെ വക്കിലാണ് നിൽക്കുന്നതെന്ന് മനസ്സിലാക്കാമല്ലോ.

ലൈംഗികമായ അതിക്രമം എന്നു പറയുമ്പോൾ പൂർണ്ണമായ ഒരു ലൈംഗിക ബന്ധം എന്നു ഉദ്ദേശിക്കുന്നില്ല. എങ്കിലും അത്തരം ബന്ധങ്ങളും ധാരാളം സംഭവിക്കുന്നുണ്ട് താനും.

അയൽപക്കത്തെ ആണുങ്ങൾ, അച്ഛന്റെയോ അമ്മയുടേയോ സഹോദരൻമാർ; അച്ഛൻമാർ, മുത്തച്ഛൻമാർ, വേലക്കാർ, കുടുംബസുഹൃത്തുക്കൾ, അദ്ധ്യാപകൻമാർ...എന്നിങ്ങനെ യാഥാസ്ഥിതിക ധാർമ്മികബോധമുള്ള ഒരു മനുഷ്യൻ കേട്ടാൽ ഞെട്ടിപ്പോകാവുന്ന തരത്തിൽ, പെൺകുട്ടികളെ പീഡിപ്പിക്കുന്ന 'രക്ഷകൻമാരുടെ'മുഖങ്ങൾ അത്രമാത്രം വികൃതമാണ്.

ലൈംഗിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സജീവമായ ചില നീക്കങ്ങൾ നടത്തുകയും, മലയാളി വനിത അവരുടെ മിണ്ടാവ്രതം അവസാനിപ്പിക്കുകയും ചെയ്യുന്നതുവരെ ഇക്കാര്യത്തിൽ ശുഭകരമായ എന്തെങ്കിലും സംഭവിക്കാനിടയുണ്ടെന്നും പ്രതീക്ഷിക്കാനാവില്ല.

പിൻകുറിപ്പ്: ലൈംഗിക കാര്യത്തിൽ സ്ത്രീ ഈ പറയുന്നത്ര അജ്ഞയാണോ എന്ന് സാധാരണപുരുഷന് സംശയം തോന്നിയേക്കാം. അവർക്കായി ഒരു പരീക്ഷണം - ഈ വിഷയത്തെക്കുറിച്ച് സംസാരിക്കാൻ മാത്രം അടുപ്പവും പ്രായവുമുള്ള ഏതാനും സ്ത്രീകളോട്, 'കുട്ടികളുണ്ടാകാനിടയാക്കുന്ന പ്രവൃത്തി എങ്ങനെയാണെന്ന് നിങ്ങൾ എപ്പോഴാണ് മനസ്സിലാക്കിയത്?" എന്ന ചോദ്യം ചോദിച്ചുനോക്കുക. പത്തിൽ രണ്ടുപേരെങ്കിലും കല്യാണം കഴിഞ്ഞേ അറിഞ്ഞുള്ളൂ എന്നു പറയും; പത്തിൽ ബാക്കിയുള്ളവരിൽ അഞ്ചോ ആറോ പേർ പറയുക 20 വയസ്സിനടുത്ത ഒരു പ്രായമായിരിക്കും!